30/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ CP.No.826(5)/2021/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 13778/SIC-G7/2021

തീയതി : 30.12.2022

സന്നിഹിത

ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീമതി യമുന കെ.,**
**കക്കോടൻ ആട്ടോ സ്പയേഴ്സ്, തിരുവോണം,**
**എം.സി.റോഡ്, വയ്യേറ്റ, വെഞ്ഞാറമൂട് പി.ഒ.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**നെല്ലനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**വെഞ്ഞാറമൂട് പി.ഒ, തിരുവനന്തപുരം – 695 607.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 07.09.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | nil |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.10.2021 |
| ഹിയറിംഗ് തീയതി | 15.10.2022 |
| എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ പരാതി ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത്, ശ്രീമതി യമുന ലൈസൻസ് അനുവദിക്കുന്നതിനായി 17.08.2021 ൽ സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് യാതൊരുവിധ മറുപടിയും ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ചത്.

2. വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നുമാണ് ഹർജിക്കാരി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്.

3. ശ്രീമതി യമുന ലൈസൻസ് അനുവദിക്കുന്നതിനായി 17.08.2021 ൽ എ7/5671/21 നമ്പരായി അപേക്ഷ സമർപ്പിച്ചതിൽ പുതുക്കിയ വാടക കരാർ ഇല്ലാത്തതിനാൽ ആയത് ഹാജരാക്കുന്നതിന് ടിയാരിക്ക് 26.08.2021 ൽ രജിസ്റ്റേർഡ്

കത്ത് നൽകുകയും എന്നാൽ കത്ത് കൈപ്പറ്റാതെ തിരികെ ലഭിക്കുകയുമാണ് ഉണ്ടായതെന്നും ടിയാരി ഇതേ ആവശ്യത്തിനായി 09.03.2021 ൽ എ7-2710/2021 ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിൽ പുതുക്കിയ വാടക കരാർ ഇല്ലാത്തതിനാൽ ആയത് ഹാജരാക്കുന്നതിന് ടിയാന് 27.07.2021 ൽ കത്ത് നൽകുകയും ആയത് കൈപ്പറ്റാതെ തിരിച്ചുവരികയുമാണ് ഉണ്ടായതെന്നും ഈ സാഹചര്യത്തിൽ ടിയാരിയെ ഫോണിൽ വിളിക്കുകയും ടിയാളുടെ ഭർത്താവായ ശ്രീ.ഷാജഹാൻ ടി കാര്യാലയത്തിൽ നേരിട്ടെത്തി നോട്ടീസ് കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. പരാതി ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയെങ്കിലും ഹർജിക്കാരിക്ക് ലഭ്യമായതായി കാണുന്നില്ല. പ്രസ്തുത സാചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒരിക്കൽകൂടി ലഭ്യമാക്കേണ്ടതും ടി വിവരം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. പരാതിപരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എങ്കിലും ഒരു മാനുഷിക പരിഗണന നൽകി ഇക്കാര്യത്തിൽ വാടകകരാർ പ്രകാരം ടി കടമുറി 11 മാസത്തിനുശേഷം നിലനിർത്തുന്നു എങ്കിൽ ഓരോ മൂന്ന് വർഷം തികയുമ്പോഴും അന്നത്തെ നിലവിലുള്ള വാടക തുകയുടെ 10% കൂടി കൂട്ടി വാടകയോടൊപ്പം ചേർത്ത്തന്നുകൊള്ളാമെന്ന കരാറിന്റെ അടിസ്ഥാനത്തിൽ ടിയാൾ വളരെ വിലകൊടുത്തു വാങ്ങിയിട്ടുള്ള വസ്തുക്കൾ വിറ്റുതീർക്കുന്നതുവരെ പ്രസ്തുത കടയുടെ ലൈസൻസ് നീട്ടി നൽകാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 -ാം തീയതി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

JN